# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2986 — 15.02.2013-ലെ മറുപടിയ്ക്ക്

**സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി/ എസ്.ടി., മറ്റ് പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; | എ) & ബി) കാത്തലിക് മാനേജ്മെന്റിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കിയില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് എസ്.സി/എസ്.ടി വകുപ്പുമായി ചർച്ച നടത്തി വരികയാണ്. |
| ബി) എങ്കിൽ ഈ വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നല്കി വരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ; | |
| സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാരിന്റെ പൂർണ്ണമായ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതിനാൽ അവിടെ പഠിക്കുന്ന കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുമോ ; | സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റിൽ പഠിക്കുന്ന കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്. |
| ഡി) പ്രവേശന പരീക്ഷാ കമ്മീഷണറുടെ പട്ടികയിൽനിന്നും പ്രവേശനം നേടുന്ന എല്ലാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഈ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉറപ്പുവരുത്തുമോ ? | ഡി) പ്രവേശന പരീക്ഷാ കമ്മീഷണറുടെ പട്ടികയിൽനിന്നും പ്രവേശനം നേടുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അർഹരായ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ